
COCHIN SAGA

Cochin Port Trust
ISO 9001 : 2008 Port

KOCHI e-തുറമുഖം

Feb 2011 For Internal Circulation



സഹപ്രവർത്തകരെ,

കഴിഞ്ഞ അഞ്ചു വർഷവും നാല് മാസവും കൊച്ചി തുറമുഖ ട്രസ്റ്റിന്റെ ചെയർമാൻ എന്ന ഉത്തരവാദിത്വം ഏറ്റെടുത്ത് പ്രവർത്തിച്ചതിനു ശേഷം ഞാൻ വിടവാങ്ങു കയാണ്.

വല്ലാർപാടം അന്തർദേശീയ കണ്ടെയിനർ ട്രാൻഷിപ്പ്മെന്റ് ടെർമിനൽ എന്ന സ്വപ്നപദ്ധതിയുടെയും അനുബന്ധമായ റോഡ്, റെയിൽ ലൈനു കളുടെയും നിർമ്മാണ പ്രവർത്തനം തുടങ്ങുന്ന കാലയളവിൽ ഇവിടെ എത്തിയ എനിക്ക്, നിർമ്മാണ പ്രവർത്തനങ്ങളുടെ മുഖ്യഭാഗം പൂർത്തിയായതു കൊണ്ട് സ്വാഭാവികമായും ചാരിതാർത്ഥ്യത്തോടെ പോകുവാൻ സാധിക്കുന്നു. ഇൻഡ്യയുടെ പ്രധാനമന്ത്രി ഡോ.മൻമോഹൻ സിങ്ങ് തന്നെ ടെർമിനൽ രാഷ്ട്ര ത്തിന് സമർപ്പിച്ചത് നമുക്ക് ആഹ്ലാദിക്കാൻ വകയും നൽകി.

എൽ. എൻ. ജി. ടെർമിനൽ എന്ന മറ്റൊരു ബൃഹത്തായ പദ്ധതിയുടെ നിർമ്മാണവും വളരെയധികം പുരോഗമിച്ചു കഴിഞ്ഞു. പ്രത്യേക സാമ്പത്തിക മേഖല, മൾട്ടി യൂസർ ലിക്വിഡ് ടെർമിനൽ എന്നീ പദ്ധതികൾക്ക് തുടക്കമിട്ടി ട്ടുണ്ട്. കണ്ടെയിനർ ട്രാൻഷിപ്പ്മെന്റ് ടെർമിനലും, എൽ. എൻ. ജി. ടെർമിനലും പ്രവർത്തനം ആരംഭിക്കുമ്പോൾ തന്നെ നമ്മുടെ വരുമാനം വർദ്ധിക്കുകയും സാമ്പത്തിക നില ശക്തമാവുകയും ചെയ്യും.

ഏറ്റവും അധികം നിർമ്മാണ പ്രവർത്തനങ്ങൾ നടന്ന ഒരു കാലയള വായതുകൊണ്ട് ഏറ്റവും അധികം വെല്ലുവിളികൾ നാം അതിജീവിച്ച ഒരു കാലഘട്ടമായിരുന്നു കഴിഞ്ഞ അഞ്ചു വർഷങ്ങൾ. റോഡ് നിർമ്മിക്കുവാനും, റെയിൽ നിർമ്മിക്കുവാനും ഡ്രെഡ്ജിംഗ് നടത്തുവാനും നമുക്ക് ആവശ്യ മായിതീർന്ന 1650 കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്ന് സ്വരൂപിക്കാൻ കഴിഞ്ഞത് കൊണ്ട് വല്ലാർപാടം നമുക്ക് യാഥാർത്ഥ്യമാക്കുവാൻ കഴിഞ്ഞു. കൊച്ചി തുറമുഖത്തിന്റെ അധുനികവൽക്കരണത്തിനു വേണ്ടി നമുക്ക് പുതിയ

110 കെ.വി. വൈദ്യുതി സംവിധാനവും രണ്ട് ആധുനിക ടഗ്ഗുകളും സജ്ജമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പഴക്കം ചെന്ന മട്ടാഞ്ചേരി വാർഫ് 250 മീറ്റർ ആധുനിക ബെർത്തായി പുനർ നിർമ്മിച്ചിട്ടുണ്ട്. ബി.ടി.പി ജെട്ടിയും 23 മീറ്റർ വീതിയിൽ 327 മീറ്റർ നീളമുള്ള ആധുനിക ബെർത്തായി പുനർ നിർമ്മിച്ചിട്ടുണ്ട്. കപ്പലുകളുടെ നിയന്ത്രണവും സുരക്ഷിതത്വവും മെച്ചപ്പെടുത്തുവാൻ ആധുനിക റഡാർ അധിഷ്ഠിതമായ വെസ്സൽ ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്. എറണാകുളം വാർഫിൽ ഇപ്പോൾ 12.5 മീറ്റർ ഡ്രാഫ്റ്റ് വരെ ലഭ്യമാണ്. വോൾവോ മത്സരങ്ങളുടെ സമയത്ത് ഐലന്റിലെ റോഡുകൾ ഏറ്റവും മികച്ചതാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

തുറമുഖത്തിന്റെ പ്രവർത്തനങ്ങൾ വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ പുനരാവിഷ്കരിക്കുവാൻ ഇ-തുറമുഖം എന്ന പദ്ധതിയും പ്രയോജനപ്പെടുന്നതാണ്., പോർട്ടിന്റെ പ്രവർത്തനസമയങ്ങൾ പുനക്രമീകരിച്ച് കൃത്യതയും നമ്മുടെ സേവനങ്ങൾക്ക് വിശ്വാസ്യതയും കൊണ്ടുവരാൻ നമുക്ക് സാധിച്ചിട്ടുണ്ട്. തുറമുഖത്തെ ഉപഭോക്താക്കളെ പുറത്തുള്ളവർ ചൂഷണം ചെയ്യുന്ന പ്രവണതയും ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. കർമ്മശേഷിയും വൈദഗ്ധ്യവും ഉള്ള നമ്മുടെ ജീവനക്കാരുടെ സഹകരണവും കൂട്ടായ്മയുമാണ് നമ്മുടെ നേട്ടങ്ങൾക്ക് കാരണം. ഈ നേട്ടങ്ങൾ ഏതെങ്കിലും ഒരു വ്യക്തിയുടെ പരിശ്രമത്തിലൂടെ മാത്രം ഉണ്ടാവുന്നതല്ല. മൂല്ല്യങ്ങളും നിയമങ്ങളും പാലിച്ച് ചിട്ടയായ പ്രവർത്തനം ഓരോ ജീവനക്കാരനും കാഴ്ചവെക്കുമ്പോഴാണ് ചരിത്രപരമായ നേട്ടങ്ങൾ ഒരു സ്ഥാപനം കൈവരിക്കുന്നത്. ബൃഹത്തായ പദ്ധതികൾ തുടങ്ങുന്നതിനോടൊപ്പം വില്ലിംഗ്ടൺ ഐലന്റിലെ സൗകര്യങ്ങൾ ആധുനികവൽക്കരിക്കാൻ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാനുള്ള ശ്രമം തുടങ്ങിയിട്ടുണ്ട്. മുൻപ് പറഞ്ഞ, ഉയർന്ന വോൾട്ടേജിലുള്ള വൈദ്യുതിയുടെ ലഭ്യത, ഉയർന്ന ഡ്രാഫ്റ്റ്, സ്റ്റോറേജ് ഏരിയായുടെ ലഭ്യത, നന്നായി പ്രവർത്തിക്കുന്ന സി.എഫ്.എസ്., വല്ലാർപാടവുമായുള്ള റോറോ ബന്ധം തുടങ്ങിയവ പ്രയോജനപ്പെടുത്തി ഐലന്റ് പരമാവധി പ്രവർത്തനനിരതമാക്കുവാൻ യാഥാർത്ഥ്യബോധത്തോടെ നമുക്കുള്ള മാർഗ്ഗരേഖയാണ് മാസ്റ്റർ പ്ലാനിലൂടെ ചിട്ടപ്പെടുത്തുന്നത്.

തുറമുഖത്തിന്റെയും അതുമായി ബന്ധപ്പെട്ട് നേരിട്ടും അല്ലാതെയു മായുള്ള തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ഭാവിക്ക് ഏറ്റവും അധികം ഭീഷണി ഉയർത്താൻ സാധ്യതയുള്ളത് അടിക്കടി ഇവിടെ ഉണ്ടായിക്കൊ ണ്ടിരിക്കുന്ന സമരങ്ങളാണ്. നിസ്സാര കാര്യങ്ങൾക്ക് തുറമുഖത്തിന്റെ പ്രവർത്തനം സ്തംഭിക്കുന്ന പ്രവണത ലാഘവത്തോടെ എല്ലാവരും കണ്ടു നിൽക്കുമ്പോൾ സ്ഥാപനത്തിൽ നിന്നുള്ള സേവനത്തിന്റെ കാര്യത്തിൽ വിശ്വാസ്യത നഷ്ടപ്പെടുന്നു. ബിസിനസ്സ് നഷ്ടപ്പെടുന്നതോടെ ശമ്പളവും പെൻഷനും കൊടുക്കുവാനുള്ള കഴിവു പോലും സ്ഥാപനത്തിന് നഷ്ട പ്പെടുന്നു.

വല്ലാർപാടം പദ്ധതിയുടെ ഭാഗമായ റോഡ് നിർമ്മാണവും, ഡ്രെഡ്ജിംഗും വൈകിപ്പോയി എന്നൊക്കെ അഭിപ്രായങ്ങൾ ഞാൻ കേൾക്കാറുണ്ട്. റോഡ് നിർമ്മാണത്തിന് സ്ഥലം ഒഴിഞ്ഞു തന്ന നാട്ടുകാരുടെ ത്യാഗം കൃതജ്ഞതാപൂർവ്വം സ്മരിച്ചുകൊണ്ട് ഇതിന് മറുപടി പറയട്ടെ. സ്ഥിരമായി താമസിക്കുന്നവരുടെ വീട് ഒഴിപ്പിക്കലും മാറ്റി പാർപ്പിക്കലും പരമാവധി കുറക്കാൻ വേണ്ടി 7 കിലോമീറ്ററോളം നമ്മൾ കായൽ പ്രദേശങ്ങൾ നികത്തിയാണ് റോഡ് നിർമ്മിച്ചത്. ഈ പ്രദേശങ്ങൾ നിർമ്മാണത്തിനിടക്ക് സ്വാഭാവികമായും താഴ്ന്നു കൊണ്ടിരുന്നതാണ് റോഡ് പണി വൈകാൻ കാരണം.

ഡ്രെഡ്ജിംഗിനാകട്ടെ, കേന്ദ്ര സർക്കാരിനെ നമ്മൾ സമീപിച്ചാണ് ഇതിനു വേണ്ട പണം ലഭിച്ചത്. റോഡ്, റെയിൽ പദ്ധതികൾക്ക് പണം നൽകിയതിന് ശേഷം വളരെ കഴിഞ്ഞ് 2008 നവമ്പറിലാണ് നമുക്ക് ഡ്രെഡ്ജിംഗിനുള്ള ഗ്രാന്റ് കിട്ടിയത്. അതിനു ശേഷം ലഭിച്ച കാലയളവിലാണ് ഭാരിച്ച ഡ്രെഡ്ജിംഗ് പ്രവർത്തി പൂർത്തീകരിക്കേണ്ടി വന്നത്. ഇതിനിടയിൽ ഐ.ജി.ടി.പി.എൽ ചെയ്തു തീർക്കേണ്ടിയിരുന്ന ഡ്രെഡ്ജിംഗ് അവർ നേരിട്ട സാങ്കേതിക പ്രശ്നങ്ങൾ കൊണ്ട് 9 മാസം വൈകിയത് നമ്മുടെ ഡ്രെഡ്ജിംഗ് പരിപാടിയെ അത്ര കണ്ട് വൈകിച്ചിട്ടുണ്ട്. നമ്മുടെ ഡ്രെഡ്ജിംഗ് കോൺട്രാക്ട റുടെ ഭാഗത്തു നിന്നും വീഴ്ച വന്നിട്ടുണ്ട്. ഡ്രെഡ്ജിംഗ് പരിപാടി വൈകിയതിനുള്ള കാരണക്കാരിൽ നിന്നുള്ള നഷ്ടപരിഹാരം നേടാനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. റോഡിന്റെയും റെയിലിന്റെയും നിർമ്മാണച്ചിലവിന് നിർമ്മാണഘട്ടത്തിൽ

വർദ്ധനവ് വന്നിട്ടുണ്ടെങ്കിലും ഡ്രെഡ്ജിംഗിന് ചിലവിൽ വർദ്ധനവ് ഉണ്ടായിട്ടില്ല. റോഡ്, റെയിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സ്ഥലം ഒഴിഞ്ഞു തന്നവർക്ക് ഇൻഡ്യയിൽ ഇതു വരെ നൽകിയതിൽ ഏറ്റവും നല്ല നഷ്ടപരിഹാര പാക്കേജ് നൽകുവാനും നമുക്ക് സാധിച്ചിട്ടുണ്ട്.

കൊച്ചി തുറമുഖത്ത് ഇന്ന് മൂവായിരത്തിലധികം ജീവനക്കാരുണ്ട്. തുറമുഖത്തിനെ അഭിവൃദ്ധിയിലെത്തിക്കുവാൻ പ്രാപ്തിയുള്ള ജീവനക്കാരാണെന്നുള്ളത് നമുക്ക് ഒരു ശക്തിയാണ്. ഇതുവരെയുള്ള തുറമുഖത്തിന്റെ നേട്ടങ്ങൾക്ക് അവരെ ഓരോരുത്തരെയും ഹാർദ്ദവമായി അനുമോദിക്കുന്നതോടൊപ്പം നല്ല ഒരു ഭാവിയും ആശംസിക്കുന്നു. പദ്ധതികളുടെ കരാറുകൾ രൂപപ്പെടുത്തുവാനും മറ്റും അത്യധികം പ്രയത്നിച്ച ഉദ്യോഗസ്ഥരുടെ അർപ്പണബോധം മാതൃകപരമായിരുന്നു. ഇതു പോലെ ഇ-തുറമുഖ പദ്ധതി യാഥാർത്ഥ്യമാക്കുവാൻ നമ്മുടെ ഉദ്യോഗസ്ഥന്മാരുടെ പരിശ്രമവും ശ്രദ്ധേയമായിരുന്നു.

തുറമുഖത്തെ ട്രേഡ് യൂണിയൻ നേതാക്കന്മാരുടെ സഹകരണം പ്രവർത്തനവിജയങ്ങളിൽ കാര്യമായ പങ്ക് വഹിച്ചിട്ടൂണ്ട്. ഓരോ ട്രേഡ് യൂണിയൻ ഭാരവാഹികളോടും അവരുടെ നല്ല പ്രവർത്തനങ്ങൾക്ക് നന്ദി പറയുന്നു.

**N. രാമചന്ദ്രൻ**

**ചെയർമാൻ**

